# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2510      05/11/2019-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ

| | ചോദ്യം<br><br>**ശ്രീ.എൻ. ഷംസുദ്ദീൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ കെ.എസ്.ഇ.ബി.-യിലെ ഉദ്യോഗസ്ഥരെ ഒഴിവാക്കി പ്രത്യേകം നിയോഗിക്കപ്പെട്ട ചീഫ് എഞ്ചിനീയർ മുഖാന്തിരം തയ്യാറാക്കിയതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കുമോ; ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കാനായി പ്രത്യേകം ചീഫ് എഞ്ചിനീയറെ നിയോഗിച്ചിട്ടില്ല. പ്രസരണ മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിട്ട് പതിനായിരം കോടി മുതൽ മുടക്കു വരുന്ന പദ്ധതി എന്ന നിലയിൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ തന്നെ ഒരു പ്രത്യേക വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെ വിവിധ ഓഫീസർമാരാണ് ട്രാൻസ് ഗ്രിഡ് വർക്കുകൾക്ക് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളത്. ബോർഡിൽ സാധാരണ എസ്റ്റിമേറ്റ് തയാറാക്കുന്ന രീതിയിൽ എല്ലാ തലങ്ങളിലെയും പരിശോധനകൾ പൂർത്തിയാക്കിയാണ് ട്രാൻസ് ഗ്രിഡിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും അംഗീകരിക്കുന്നതും. |
| (ബി) | അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടാണോ കരാർ നൽകിയിട്ടുള്ളത്; എങ്കിൽ, എത്ര ശതമാനം വർദ്ധനവ് വരുത്തിയാണ് കരാർ നൽകിയതെന്നറിയിക്കാമോ; | (ബി) | അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയും കരാർ തുകയും, വർദ്ധനവും ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) | കരാർ തുക (കോടിയിൽ) | ശതമാനം |
|---|---|---|---|---|
| 1 | കൊച്ചി ലൈൻസ് പാക്കേജ് | 211.62 | 296.28 | 40 (above) |
| 2 | കൊച്ചി കേബിൾ പാക്കേജ് | 57.22 | 61.51 | 7.5 (above) |

| | | | | |
|---|---|---|---|---|
| 3 | ജി.ഐ.എസ് പാക്കേജ്-I | 229.40 | 161.61 | 29.5(below) |
| 4 | എ.ഐ.എസ് പാക്കേജ്-I | 131.43 | 137.97 | 5 (above) |
| 5 | കോലത്തുനാട് പാക്കേജ് | 158.09 | 372.42 | 54.81 (above) |
| 6 | നോർത്ത് മലബാർ | 64.71 | | |
| 7 | നോർത്ത് സൌത്ത് ഇന്റർലിങ്ക് | 59.22 | 339.50 | 61.18 (above) |
| 8 | തൃശിവപേരൂർ ലൈൻസ് | 46.33 | | |
| 9 | കോട്ടയം ലൈൻസ് | 104.47 | | |
| 10 | ജി.ഐ.എസ് പാക്കേജ്-III | 117.90 | 109.29 | 7.3 (below) |
| 11 | ജി.ഐ.എസ് പാക്കേജ്-IV | 124.76 | 114.76 | 8.02 (below) |
| 12 | ഏറനാട് ലൈൻസ് | 367.23 | 455.71 | 29.28(above) |
| 13 | എൻ .ആർ .എച്ച് .ടി.എൽ.എസ് | 82.41 | 63.51 | 21.89 (below) |

| | | | |
|---|---|---|---|
| (സി) | ട്രാൻസ് ഗ്രിഡ് കരാർ സംബന്ധിച്ച് വിജിലൻസ് ക്വിക്ക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച സമയത്ത് (2016-ൽ) പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് പരിശോധിച്ചിരുന്നു. എന്നാൽ എന്തെങ്കിലും റിപ്പോർട്ടോ സ്റ്റേറ്റ് വിജിലൻസ് നടത്തിയ പ്രസ്തുത നടപടിയുടെ കണ്ടെത്തലുകളോ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ